(എ) വർഷങ്ങളായി നിർമ്മാണ പ്രവർത്തനം നടക്കുകയും ഉദ്ഘാടന മംഗളം സെക്ഷനിലെ കോവൂർ പാലം പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) 90% പൂർത്തിയായിരുന്ന ഈ പ്രവൃത്തിയുടെ ഗുണഫലം നാട്ടുകാർക്ക് അനുഭവിക്കാൻ സാധിക്കുന്ന തരത്തിൽ എന്നത്തേക്ക് വാർത്താപാലത്തെ റോഡുമായി ബന്ധിപ്പിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ.

(ഡി) കരാറുകാരൻ ഇതുവരെ പണിതൊന്നും പൊടുത്തിട്ടില്ലെങ്കിൽ കാരണമെന്താണ് അറിയിക്കുമോ?

ഉത്തരം

(എ) കോവൂർ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഒരു മാസത്തിനകം ബന്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 18,38,004/- രൂപ ചെലവായിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

93 (528) അയിരൂർ വിള്ളിക്കടവ് പാലങ്ങൾ

ശ്രീ. എ അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ, വിള്ളിക്കടവ് പാലങ്ങളുടെ ഉറപ്പും, സുരക്ഷിതത്വവും പരിശോധിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വളരെ ശോചനീയാവസ്ഥയിലുള്ള ഈ പാലങ്ങളുടെ സുരക്ഷ പരിശോധിച്ച് ആവശ്യമെങ്കിൽ വിശദവിവരങ്ങളടങ്ങിയ ബോർഡുകൾ പാലങ്ങൾക്കു സമീപം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിയോജകമണ്ഡലത്തിൽപ്പെടുന്ന മറ്റെല്ലാ പാലങ്ങളുടെയും സുരക്ഷ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിരൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പാലത്തിന്റെ ഒരു ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ സ്ഥലം ദേവസ്വം വക ക്ഷേത്രത്തിന്റെതാണ്. അത് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

വിള്ളിക്കടവ് പാലം പുതുക്കി പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞ പാലങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ബോർഡുകൾ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധനകൾ നടത്തുന്നതാണ്.

94 (529) കുനിയിൽ കടവ് പാലം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുനിയിൽ കടവ് പാലത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തുക എത്രയാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക അംഗീകരിച്ചത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക (ടി.എസ്) 295 ലക്ഷം രൂപയും എഗ്രിമെന്റ് പ്രകാരം അംഗീകരിച്ചത് 3,16,46,385 രൂപയുമാണ്.

(സി) ഈ പാലത്തിന്റെ പണി മാർച്ച് 2000-ൽ തീരുമെന്ന് പ്രതീക്ഷിക്കുന്നു.

95 (531) കടമപ്പുഴ പാലം പുതുക്കിപ്പണിയൽ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടമപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി സപ്ലിമെന്ററി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കടമപ്പുഴ പാലം പുതുക്കിപണിയുവാൻ 1996-ൽ ടെൻഡർ വിളിച്ചുവെങ്കിലും ബഡ്ജറ്റിൽ മതിയായ ഫണ്ട് ഇല്ലാത്തതിനാൽ ടെൻഡറിന് അനുവാദം കൊടുത്തില്ല. ഇക്കൊല്ലത്തെ സപ്ലിമെന്ററി ബഡ്ജറ്റിൽ ഈ പാലത്തിന് ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

96 (532) വാവടുക്കം പാലം പണി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാവടുക്കം പാലം പണി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly